# ശാസ്ത്രവിഷയങ്ങളിൽ ജാഗ്രതപുലർത്തണം -അനിത കരുൺ

MB dt. 23/10/2019

ഉദുമ ► ശാസ്ത്രവിഷയങ്ങളിൽ ജാഗ്രതപുലർത്തണമെന്ന് സി.പി.സി.ആർ.ഐ. ഡയറക്ടർ അനിത കരുൺ അഭിപ്രായപ്പെട്ടു.

കാസർകോട് ജില്ലാ ശാസ്ത്രോത്സവം ഉദ്ഘാടനംചെയ്യുകയായിരുന്നു അവർ.

കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കാൻ ഏവരും ശ്രദ്ധിക്കണമെന്നും പുത്തൻ ശാസ്ത്രജ്ഞരെ വളർത്തിയെടുക്കാനുള്ള വേദിയായി ഓരോ ശാസ്ത്രമേളയും മാറട്ടെയെന്നും അനിത കരുൺ പറഞ്ഞു.

വിദ്യാഭ്യാസ ഉപഡയറക്ടർ കെ.വി.പുഷ്പ അധ്യക്ഷതവഹിച്ചു.

സ്വീകരണക്കമ്മിറ്റി ചെയർമാൻ സത്താർ മുക്കുന്നോത്ത്, ഡയറ്റ് പ്രിൻസിപ്പൽ എം.ബാലൻ, ടി.പി. വിനോദ് കുമാർ, പി.എൻ. ശിവൻ, കെ.എം.അബ്ബുറം അഷ്റഫ്, പി.ദിലീപ്കുമാർ, എം.ഗംഗാധരൻ, ടി.വി.മധുസൂദനൻ എന്നിവർ സംസാരിച്ചു.



ഉദുമ ജി.എച്ച്.എസ്.എസിൽ നടന്ന ജില്ലാ ശാസ്ത്രോത്സവം സി.പി.സി.ആർ.ഐ. ഡയറക്ടർ അനിത കരുൺ ഉദ്ഘാടനംചെയ്യുന്നു